(ബി) എങ്കിൽ എന്തെല്ലാം തീരുമാനങ്ങളെടുത്തുവെന്നും അതനുസരിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ചർച്ചകൾ നടത്തിയിരുന്നു.

(ബി) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസ് നിശ്ചയിക്കുന്നതും സംബന്ധിച്ച് ഒരു സമവായം കണ്ടെത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-6-2004-ന് സർവ്വകക്ഷി യോഗവും, 8-6-2004-ൽ സ്വാശ്രയ കോളേജ് മാനേജ്മെന്റ് പ്രതിനിധികളുമായും, വിദ്യാർത്ഥി സംഘടനാ പ്രതിനിധികളുമായും പ്രത്യേകം ചർച്ചകളും നടത്തുകയുണ്ടായി. ചർച്ചകളിൽ ഇക്കാര്യത്തിൽ ഒരു സമഗ്ര നിയമനിർമ്മാണം നടത്തുന്നതിനും ധാരണയായി. ഇതിന്റെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

വിദേശ തൊഴിലന്വേഷകരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തൽ

*15 [135] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

,, പി. സി. ജോർജ്:

,, പിരപ്പൻകോട് മുരളി:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മേഖലയിൽ തൊഴിൽ അന്വേഷകരുടെ സർട്ടിഫിക്കറ്റുകൾ സംസ്ഥാനങ്ങൾക്ക് അറ്റസ്റ്റ് ചെയ്യുന്നതിനുള്ള അവകാശം നൽകുന്നതിന് കേന്ദ്രം തീരുമാനിച്ചിട്ടുള്ളതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) നിലവിൽ റൂട്ട്സ് വഴി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) റൂട്ട്സ് വഴി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം മുതലെടുത്ത് സ്വകാര്യ ഏജൻസികൾ വൻതുക ഉദ്യോഗാർത്ഥികളിൽ നിന്ന് ഈടാക്കുന്നതായും, ചിലപ്പോൾ വ്യാജമായി സർട്ടിഫിക്കറ്റുകൾ അറ്റസ്റ്റ് ചെയ്ത് നൽകുന്നതായും ഉള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം ഏജൻസികൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകുന്ന ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ സഹായത്താൽ ന്യൂഡൽഹിയിലെ അറ്റസ്റ്റേഷൻ ജോലികൾ കേരളത്തിൽ തന്നെ പൂർത്തിയാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്.

(ബി, സി) കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള മാനവവിഭവശേഷി വികസന മന്ത്രാലയം, വിദേശകാര്യ മന്ത്രാലയം എന്നീ സ്ഥാപനങ്ങൾക്കാണ് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരമുള്ളത്. ഇതിൽ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക കേന്ദ്രമാണ് 'റൂട്ട്സി'ൽ പ്രവർത്തിക്കുന്നത്. സർട്ടിഫിക്കറ്റുകൾ കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ പ്രാദേശിക കേന്ദ്രത്തിൽ നിന്നും സാക്ഷ്യപ്പെടുത്തിയ ശേഷം ന്യൂഡൽഹിയിലെ വിദേശകാര്യ മന്ത്രാലയത്തിലും സാക്ഷ്യപ്പെടുത്തിയതിനുശേഷം മാത്രമേ യു.എ.ഇ. എംബസ്സിയിൽ നിന്നും സാക്ഷ്യപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും, യു.എ.ഇ.-യിൽ നിന്ന് നേരിട്ടും ദിനംപ്രതി അനേകം സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിലേക്കായി യു.എ.ഇ. എംബസ്സിയിൽ എത്തുന്നതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുണ്ടാകുന്ന കാലതാമസം സംസ്ഥാന സർക്കാരിന്റെ ഇടപെടലിനെ തുടർന്ന് ഇപ്പോൾ താരതമ്യേന കുറഞ്ഞിട്ടുണ്ട്. സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തൽ പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. വിദേശകാര്യ മന്ത്രാലയത്തിന്റെയും, യു.എ.ഇ. എംബസ്സിയുടേയും അനുവാദം ഉണ്ടെങ്കിൽ മാത്രമേ ഒരു ഏകജാലക സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ചർച്ചകൾ നടന്നു വരുന്നു.

(ഡി, ഇ) ഇതു സംബന്ധിച്ച് സർക്കാരിന് പരാതികളൊന്നും ലഭിച്ചിട്ടില്ല.

സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ ത്വരിതപ്പെടുത്താനുള്ള സംവിധാനങ്ങൾ

*16 [136] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.ഇ.-ക്ക് പോകുന്ന കേരളത്തിലെ ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തി കിട്ടുവാൻ വേണ്ടി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി സംസ്ഥാനത്ത് എച്ച്.ആർ.ഡി. അറ്റസ്റ്റേഷൻ സംവിധാനം ഏർപ്പെടുത്തിയെങ്കിലും ദിവസേന 150 അറ്റസ്റ്റേഷൻ എന്നാക്കി പരിമിതപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly